**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 5873 02.07.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്**

| **ചോദ്യം**<br>**ശ്രീ.റോജി എം. ജോൺ** | **ഉത്തരം**<br>**ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| (എ) എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഉത്തര, ദക്ഷിണ, മധ്യ മേഖലകളിൽ സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ദക്ഷിണ, മധ്യ ഉത്തര മേഖലകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) എങ്കിൽ ഇവരിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്തങ്ങൾ എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ; | (ബി) (i)അബ്കാരി, എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടികൾ കൈക്കൊള്ളുക<br>(ii) എക്സൈസ് കമ്മീഷണർക്ക് ലഭിക്കുന്ന അബ്കാരി, എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങളിൽമേൽ തുടർ നടപടികൾ കൈക്കൊള്ളുക.<br>(iii)ലൈസൻസ് സ്ഥാപനങ്ങൾ പരിശോധിക്കുക.<br>(iv) എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം |

| | |
|---|---|
| | എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം ഏറ്റെടുക്കുക.<br>(v)ലഭ്യമാക്കുന്ന വിവരങ്ങളും എടുക്കുന്ന കേസുകളും റെയിഞ്ച് , സർക്കിൾ ഓഫീസുകൾക്ക് കൈമാറുക തുടങ്ങിയവയാണ് ഉത്തരവാദിത്തങ്ങൾ. |
| (സി) പ്രസ്തുത സ്പെഷ്യൽ സ്ക്വാഡ് പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ? | (സി) സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. കാലാകാലങ്ങളിൽ സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരെ പുനർ വിന്യസിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**